തൃശ്ശൂർ	2
പാലക്കാട്	9
മലപ്പുറം	16
കോഴിക്കോട്	9
വയനാട്	5
കണ്ണൂർ	20
കാസർഗോഡ്	15

(ബി) നിലവിലെ ഒഴിവുകളിൽ 53 എണ്ണം സംവരണ തസ്തികകളാണ്. ആയതിന്റെ വിശദവിവരം താഴെ പറയും വിധമാണ് :

ST-25, SC-6, M-9, LC-9, PH-2, V-1, OX-1

(സി) ഇപ്പോൾ താൽക്കാലികാടിസ്ഥാനത്തിൽ 9 വെറ്ററിനറി സർജന്മാർ ജോലി നോക്കിവരുന്നു.

ഇടുക്കി	2
പാലക്കാട്	1
മലപ്പുറം	2
കണ്ണൂർ	3
കാസർഗോഡ്	1

(ഡി) 2010-ൽ സർക്കാർ നൽകിയ നിർദ്ദേശ പ്രകാരം 21 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുത്തരവായി.

(ഇ) 21 സൂപ്പർ ന്യൂമററി ഒഴിവുകളും 53 സംവരണ വിഭാഗത്തിലെ ഒഴിവുകളും 10 ജനറൽ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മുല്ലശ്ശേരിയിലെ മൃഗാശുപത്രി വെറ്ററിനറി പോളിക്ലിനിക് ആക്കുന്ന നടപടി

84 (2562) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽ എത്ര മൃഗാശുപത്രികളാണ് പ്രവർത്തിക്കുന്നത് ;

(ബി) മുല്ലശ്ശേരിയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി വെറ്ററിനറി പോളിക്ലിനിക് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 7 വെറ്ററിനറി ഡിസ്പെൻസറികളും ഒരു വെറ്ററിനറി പോളിക്ലിനിക്കുമാണുള്ളത്. അവയുടെ പേരുകൾ ചുവടെ ചേർക്കുന്നു :

1. വെറ്ററിനറി ഡിസ്പെൻസറി, തെക്കാട്
2. വെറ്ററിനറി ഡിസ്പെൻസറി, പാവറട്ടി
3. വെറ്ററിനറി ഡിസ്പെൻസറി, വെങ്കിടങ്ങ്
4. വെറ്ററിനറി ഡിസ്പെൻസറി, മണലൂർ
5. വെറ്ററിനറി ഡിസ്പെൻസറി, മുല്ലശ്ശേരി
6. വെറ്ററിനറി ഡിസ്പെൻസറി, എളവള്ളി
7. വെറ്ററിനറി ഡിസ്പെൻസറി, നരിംപുർ
8. വെറ്ററിനറി പോളിക്ലിനിക്, അന്തിക്കാട്

(ബി) ഒരു താലൂക്കിൽ ഒരു വെറ്ററിനറി പോളിക്ലിനിക് സ്ഥാപിക്കുന്നതിനാണ് വകുപ്പുമന്ത്രി മറുപടി നൽകുമോ : തൃശ്ശൂർ താലൂക്കിൽ നിലവിൽ ഇപ്പോൾത്തന്നെ അന്തിക്കാട് വെറ്ററിനറി പോളിക്ലിനിക് പ്രവർത്തിച്ചുവരുന്നു. അതിനാൽ മുല്ലശ്ശേരിയിൽ പ്രവർത്തിക്കുന്ന വെറ്ററിനറി ഡിസ്പെൻസറി വെറ്ററിനറി പോളിക്ലിനിക് ആയി ഉയർത്തുന്നകാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിലവിലുള്ള ഒഴിവുകൾ

85 (2563) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ 2008-ലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേക്ക് പി.എസ്.സി. വിജ്ഞാപനം വന്നപ്പോൾ ഉണ്ടായിരുന്ന ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ ;

(ബി) 2008, 2009, 2010 വർഷങ്ങളിൽ പ്രസ്തുതജില്ലയിൽ ഈ തസ്തികയിൽനിന്നും എത്രപേർ വിരമിച്ചു ; ഓരോ വർഷത്തെയും വിവരങ്ങൾ പ്രത്യേകം നൽകുമോ ;

(സി) 2008, 2009, 2010 വർഷങ്ങളിൽ എത്രപേർക്ക് ഈ തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) 2008, 2009, 2010 വർഷങ്ങളിൽ ഈ ജില്ലയിൽനിന്ന് എത്രപേർക്ക് മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട് എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly